(ബി) ചന്ദനത്തൈലം മാറ്റുന്നതിനുള്ള ഫാക്ടറികൾ നടത്തുവാനുള്ള അവകാശം സർക്കാരിനു മാത്രമായി പരിമിതപ്പെടുത്തുന്നതുൾപ്പെടെ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്താനായുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്.

ചന്ദന ഫാക്ടറി ആരംഭിക്കാൻ ലൈസൻസ്

111 (1166) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര ചന്ദന ഫാക്ടറികൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ചന്ദന ഫാക്ടറികൾ ആരംഭിക്കാൻ വനം വകുപ്പിന്റെ അനുവാദം ആവശ്യമാണോ ; എങ്കിൽ എത്ര ചന്ദനഫാക്ടറികൾക്ക് ഇതിൽപ്രകാരം എൻ. ഒ. സി. നൽകിയിട്ടുണ്ട് ;

(സി) ചന്ദന ഫാക്ടറി ആരംഭിക്കാൻ ഏതെല്ലാം ഏജൻസികളാണ് ലൈസൻസ് നൽകുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചന്ദന ഫാക്ടറികൾ ആരംഭിച്ചിട്ടില്ല.

(ബി) വനംവകുപ്പിന്റെ എൻ. ഒ. സി. ആവശ്യമാണ്. ചന്ദനഫാക്ടറികൾക്ക് ഒന്നിനും എൻ.ഒ.സി. നൽകിയിട്ടില്ല.

(സി) വനം വകുപ്പിന്റെ എൻ.ഒ.സി.യുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട പഞ്ചായത്തും, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പുമാണ് ലൈസൻസ് നൽകേണ്ടത്.

ചന്ദന ഫാക്ടറികൾക്കുള്ള നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്

112 (1167) ശ്രീ. എ. കെ. ബാലൻ :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. ടി. കെ. ദേവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ചന്ദനഫാക്ടറികളുടെ മേൽ വനംവകുപ്പിന് ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണം ഉണ്ടോ ;

(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ചന്ദനഫാക്ടറികൾക്ക് നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നൽകുന്നത് ആരാണ് ;

(സി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എത്രചന്ദനഫാക്ടറികൾക്ക് വനം വകുപ്പിന്റെ എൻ.ഒ.സി. ആവശ്യമുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എത്ര ചന്ദനഫാക്ടറികൾക്ക് വനം വകുപ്പ് എൻ.ഒ.സി. നൽകിയിട്ടുണ്ട് ;

(ഇ) ചന്ദനഫാക്ടറികൾ തുടങ്ങുന്നതിന് പഞ്ചായത്തിന്റേയും ഫാക്ടറീസ് ആന്റ് ബോയിലേഴ്സിന്റേയും ലൈസൻസ് ലഭിക്കണമെങ്കിൽ വനം വകുപ്പിന്റെ എൻ.ഒ.സി. ആവശ്യമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) എപ്രകാരം എൻ.ഒ.സി. ലഭിച്ച ഫാക്ടറികളാണ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) വനോല്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവസായ യൂണിറ്റുകൾക്ക് ബന്ധപ്പെട്ട ഡി.എഫ്.ഒ.യുടെ എൻ.ഒ.സി. വേണമെന്ന 1988-ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എൻ.ഒ.സി. കൊടുക്കാനോ നിരസിക്കാനോ ഡി.എഫ്.ഒ.യ്ക്ക് അധികാരമുണ്ടെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എച്ച്) പ്രസ്തുത സർക്കാർ ഉത്തരവ് ഹൈക്കോടതി അംഗീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ഡി.എഫ്.ഒ. 2003 ഫെബ്രുവരിയിൽ പാലക്കാട് വെസ്റ്റേൺ ഇൻഡസ്ട്രീസ്. വാളയാർ റൂറൽ ഇൻഡസ്ട്രീസ് എന്നീ ചന്ദന ഫാക്ടറികൾക്കുള്ള എൻ.ഒ.സി. നിരസിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഐ) എൻ.ഒ.സി. നിഷേധിക്കപ്പെട്ട പ്രസ്തുത ഫാക്ടറികൾ ഇപ്പോഴും പ്രവർത്തിക്കുന്നത് വനം വകുപ്പ് സൗകര്യം ചെയ്തുകൊടുക്കുന്നത് കൊണ്ടാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ചന്ദനഫാക്ടറികൾക്ക് പുതിയതായി ലൈസൻസ് നൽകുന്നതിന് നിലവിലുള്ള ലൈസൻസ് പുതുക്കുന്നതിനും വനം വകുപ്പിന്റെ എൻ.ഒ.സി. ആവശ്യമാണ്.

(ബി) വനം വകുപ്പിന്റെ എൻ. ഒ. സി. നൽകുന്നത് ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ആണ്.

(സി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ ചന്ദന ഫാക്ടറികൾക്കും വനം വകുപ്പിന്റെ എൻ.ഒ.സി. ആവശ്യമാണ്.

(ഡി) വനം വകുപ്പ് നിലവിൽ ചന്ദനഫാക്ടറികൾക്കൊന്നിനും എൻ.ഒ.സി. നൽകിയിട്ടില്ല.

(ഇ) ഉണ്ട്.

(എഫ്) സംസ്ഥാനത്തു പ്രവർത്തിക്കുന്ന ഫാക്ടറികൾക്കൊന്നും വനം വകുപ്പ് ഇപ്പോൾ എൻ.ഒ.സി. നൽകിയിട്ടില്ല.

(ജി) ഉണ്ട്.

(എച്ച്) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഐ) വനം വകുപ്പിന്റെ എൻ.ഒ.സി. നിഷേധിച്ചശേഷവും പ്രവർത്തിക്കുന്ന ചന്ദനഫാക്ടറികളുടെ ലൈസൻസ് റദ്ദാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടണ്ട്. ലൈസൻസ് റദ്ദ് ചെയ്യാനുള്ള അധികാരം ലൈസൻസ് നൽകിയ പഞ്ചായത്തുകൾക്കാണ്.

കണ്ണൂർ ജില്ലയിലെ ചന്ദന ഫാക്ടറികൾ

113 (1168) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ എത്ര ചന്ദന ഫാക്ടറികൾ പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) ടി ഫാക്ടറികൾക്ക് മുഴുവൻ ലൈസൻസ് നൽകിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ, അനധികൃത ചന്ദന ഫാക്ടറികൾ നിർത്തലാക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ആവശ്യമായ ലൈസൻസ് ഇല്ലാത്ത എത്ര ചന്ദന ഫാക്ടറികൾ കണ്ണൂർ ജില്ലയിൽ പ്രവർത്തിക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) രണ്ട്.

(ബി) ഫാക്ടറികൾക്ക് ലൈസൻസ് നൽകേണ്ടത് വനം വകുപ്പല്ല. എന്നാൽ പ്രസ്തുത രണ്ട് ഫാക്ടറികൾക്കും വനം വകുപ്പിൽ നിന്നും എൻ.ഒ.സി. നൽകിയിട്ടില്ല.

(സി) പ്രസ്തുത ഫാക്ടറികളുടെ ലൈസൻസ് റദ്ദാക്കുന്നതിന് ബന്ധപ്പെട്ട പഞ്ചായത്തധികൃതർക്കും ഫാക്ടറീസ് ആന്റ് ബോയ്ലേഴ്സ് വകുപ്പു ഡയറക്ടർക്കും കത്തെഴുതിയിട്ടുണ്ട്.

(ഡി) മേൽപ്പറഞ്ഞ രണ്ട് ഫാക്ടറികൾ പ്രവർത്തിച്ചു വരുന്നു.

കമ്പനികൾക്ക് അസംസ്കൃത പദാർത്ഥങ്ങൾ നൽകുന്നതിന് ഗവൺമെന്റും കമ്പനികളുമായി ഉണ്ടാക്കിയ കരാർ

114 (1169) ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവൂർ ഗ്രാസിം ഇൻഡസ്ട്രീസ് ലിമിറ്റഡിന് മുള മുതലായ അസംസ്കൃത പദാർത്ഥങ്ങൾ നൽകുന്നതിനെപ്പറ്റി കേരള ഗവൺമെന്റും കമ്പനിയും തമ്മിൽ ഉണ്ടാക്കിയ കരാർ അനുസരിച്ച് അസംസ്കൃത പദാർത്ഥങ്ങൾ മുഴുപയോഗപ്പെടുത്തുകയോ നശിച്ചു പോവുകയോ ചെയ്താൽ അന്ന് നിലവിലുള്ള മാർക്കറ്റ് വില കണക്കാക്കി കമ്പനി ഗവൺമെന്റിലേക്ക് പണമടയ്ക്കുന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly